# പേട്ട ഗേൾസ് വിഷൻ 2025 - 26

## അക്കാദമിക മാസ്റ്റർ പ്ലാൻ [redacted]



**ഗവ. ജി വി എച്ച് എസ് എസ്, പേട്ട**

**തിരുവനന്തപുരം– നോർത്ത്**

**വിദ്യാഭ്യാസ ജില്ല– തിരുവനന്തപുരം**

**ജില്ല– തിരുവനന്തപുരം**

# ഉള്ളടക്കം

സ്കൂൾ അടിസ്ഥാനവിവരങ്ങൾ 5

ആമുഖം 7

വിദ്യാലയത്തിലെ അക്കാദമിക പൊതുസ്ഥിതി 11

പൊതുലക്ഷ്യങ്ങൾ 15

നിലവിലെ അവസ്ഥാ സൂചന

മികവിന്റെ കാഴ്ചപ്പാട് 16

മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ 17

പദ്ധതി വിശദാംശങ്ങൾ വിഷയാടിസ്ഥാനത്തിൽ 18

കൗൺസിലിംഗ് 40

പ്രതീക്ഷിത നേട്ടങ്ങൾ 43

മോണിട്ടറിംഗ് 43

ഉപസംഹാരം 44

# സ്കൂൾ അടിസ്ഥാനവിവരങ്ങൾ

| | | | |
|---|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | : | ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾഫോർ ഗേൾസ് പേട്ട |
| | സ്ഥാപിതം | : | 1950 |
| | വിലാസം | : | പേട്ട പി.ഒ. തിരുവനന്തപുരം 695024, ഫോൺ : 0471-2479791 |
| 2 | സ്കൂൾ കോഡ്/ വി.എച്ച്. എസ്സ്.എ വിഭാഗം. | : | 43050 |
| 3. | വിദ്യാഭ്യാസ ഉപജില്ല | : | തിരുവനന്തപുരം നോർത്ത് |
| 4. | വിദ്യാഭ്യാസ ജില്ല | : | തിരുവനന്തപുരം |
| 5. | റവന്യൂ ജില്ല | : | തിരുവനന്തപുരം |
| 6. | ബി ആർ സി | : | തിരുവനന്തപുരം നോർത്ത് |
| 7. | സി ആർ സി | : | വലിയ ഉദേശ്വരം |
| 8. | കോർപ്പറേഷൻ | : | തിരുവനന്തപുരം |
| 9. | നിയമസഭാമണ്ഡലം | : | തിരുവനന്തപുരം |
| 10. | ലോകസഭാ മണ്ഡലം | : | തിരുവനന്തപുരം |
| 11. | താലൂക്ക് | : | തിരുവനന്തപുരം |
| 12. | വില്ലേജ് | : | വഞ്ചിയൂർ |
| 13. | സ്കൂൾ ഇ മെയിൽ | : | 43050pettah@gmail.com |
| 14. | ഭരണ വിഭാഗം | : | സർക്കാർ |
| 15. | സ്കൂൾ വിഭാഗം | : | പൊതുവിദ്യാലയം |
| 16. | പഠനവിഭാഗങ്ങൾ | : | യു പി. ഹൈസ്കൂൾ |
| 18. | മാധ്യമം | : | മലയാളം/ ഇംഗ്ലീഷ് |

# സ്കൂൾ അടിസ്ഥാനവിവരങ്ങൾ

| | | | |
|---|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | : | ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾഫോർ ഗേൾസ് പേട്ട |
| | സ്ഥാപിതം | : | 1950 |
| | വിലാസം | : | പേട്ട പി.ഒ. തിരുവനന്തപുരം 695024, ഫോൺ : 0471-2479791 |
| 2 | സ്കൂൾ കോഡ്/ വി.എച്ച്. എസ്സ്.എ വിഭാഗം. | : | 43050 |
| 3. | വിദ്യാഭ്യാസ ഉപജില്ല | : | തിരുവനന്തപുരം നോർത്ത് |
| 4. | വിദ്യാഭ്യാസ ജില്ല | : | തിരുവനന്തപുരം |
| 5. | റവന്യൂ ജില്ല | : | തിരുവനന്തപുരം |
| 6. | ബി ആർ സി | : | തിരുവനന്തപുരം നോർത്ത് |
| 7. | സി ആർ സി | : | വലിയ ഉദേശ്വരം |
| 8. | കോർപ്പറേഷൻ | : | തിരുവനന്തപുരം |
| 9. | നിയമസഭാമണ്ഡലം | : | തിരുവനന്തപുരം |
| 10. | ലോകസഭാ മണ്ഡലം | : | തിരുവനന്തപുരം |
| 11. | താലൂക്ക് | : | തിരുവനന്തപുരം |
| 12. | വില്ലേജ് | : | വഞ്ചിയൂർ |
| 13. | സ്കൂൾ ഇ മെയിൽ | : | 43050pettah@gmail.com |
| 14. | ഭരണ വിഭാഗം | : | സർക്കാർ |
| 15. | സ്കൂൾ വിഭാഗം | : | പൊതുവിദ്യാലയം |
| 16. | പഠനവിഭാഗങ്ങൾ | : | യു പി. ഹൈസ്കൂൾ |
| 18. | മാധ്യമം | : | മലയാളം/ ഇംഗ്ലീഷ് |

# ഗവ.ജി വി എച്ച് എസ് എസ് ഫോർ ഗേൾസ്, പേട്ട

## തിരുവനന്തപുരം നോർത്ത്

### ആമുഖം

1950 ൽ ഒരു വാടക കെട്ടിടത്തിൽ പേട്ടയിലെ നാലുമുക്ക് എന്ന സ്ഥലത്ത് ആരംഭിച്ച സ്കൂൾ പിന്നീട് പേട്ട സ്കൂൾ എന്നറിയപ്പെടാൻ തുടങ്ങി. 60 വർഷം മുൻപ് എട്ടാംക്ലാസ്സ് വരെ ഉണ്ടായിരുന്ന സ്കൂൾ പിന്നീട് അപ്ഗ്രേഡ് ചെയ്തു. നാലുമുക്കിലെ പ്രൈമറിസ്കൂളും, പേട്ടയിലെ യു.പി.സ്കൂളും ഒരുമിച്ച് ഹൈസ്കൂളായി. കുട്ടികളുടെ ആധിക്യം മൂലം 1961 ൽ പേട്ട ബോയ്സ് ഹൈസ്കൂൾ പേട്ട ഗേൾസ് ഹൈസ്കൂൾ എന്നിങ്ങനെ രണ്ടായി തിരിച്ചു. ഗേൾസ് ഹൈസ്ക്കൂളിലെ ആദ്യ പ്രഥമാധ്യാപിക ശ്രീമതി സി കമലമ്മയും എം സുശീല ആദ്യ വിദ്യാർത്ഥിനിയുമാണ്. 1995-96 ൽ ഇതൊരു വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളായി ഉയർന്നു വന്നു. 1995 ൽ ഈ സ്കൂളിനോടനുബന്ധിച്ച് വിരമിച്ച അദ്ധ്യാപകർക്ക് വേണ്ടിയുള്ള ഒരു വൃദ്ധസദനം ആരംഭിച്ചു. അവിടെയുള്ള അദ്ധ്യാപകരുടെ സഹകരണം സ്കൂളിന് ഒരു മുതൽക്കൂട്ടാണ്.

മുൻമന്ത്രി ശ്രീ കെ പങ്കജാക്ഷൻ, മുൻ കൗൺസിലർമാരായ പി അശോക്കുമാർ കെ തങ്കപ്പൻ, അഡീഷണൽ ലേബർ കമ്മീണഷർ ആയിരുന്ന ഗീതാസദാശിവൻ, പ്രശസ്ത ഡോക്ടർമാരായ ശ്രീമതി മാജിദാബീഗം, ശ്രീമതി സലീന, ഈ സ്കൂളിലെ തന്നെ പ്രിൻസിപ്പൽമാരായി വിരമിച്ച ശ്രീമതി എച്ച് ഓമനക്കുട്ടി, ശ്രീമതി ഷെരീഫാബീഗം, ശ്രീമതി പി.കെ. വൽസലാദേവി, പ്രശസ്ത അഭിഭാഷക ശ്രീമതി സീന തുടങ്ങിയവർ ഈ സ്കൂളിൽ പഠിച്ചിരുന്ന പ്രഗത്ഭരിൽ ചിലരാണ്.

സ്കൂളിന്റെ വികസനം മുൻനിർത്തി ഒരു അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ്. കോർപ്പറേഷൻ, എം.പി, എം എൽ എ എന്നിവരുടെ സഹായത്തോടെയും വിവിധ ക്ലബ്ബുകളുടെയും വ്യക്തികളുടെയും സഹായത്തോടെയും വലിയ മുന്നേറ്റത്തിന് തുടക്കമിടുന്നു.

ഈ വിദ്യാലയത്തിലെ ഇക്കൊല്ലത്തെ കുട്ടികളുടെ എണ്ണം പട്ടികയിൽ നൽകുന്നു.

## ആറാം അദ്ധ്യയന ദിനം 10 ജൂൺ 2024
## വിദ്യാർത്ഥികളുടെ എണ്ണം

| STD | DIVS | TOTAL | | | SC | | | ST | | | MUSLIM | | | OTHER | | | OBC MINORITY | | | OTHERS OTHER THAN MUSLIM | | | APL | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G |
| 5 | 1 | 3 | 2 | 6 | 0 | 1 | 1 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 3 | 1 | 4 | 0 | 0 | 0 | 1 | 1 | 2 | 2 | 1 |
| 6 | 1 | 9 | 4 | 13 | 4 | 1 | 5 | 0 | 0 | 0 | 1 | 0 | 1 | 1 | 0 | 1 | 1 | 2 | 3 | 2 | 1 | 3 | 2 | 1 | 3 | 7 | 3 |
| 7 | 1 | 5 | 7 | 12 | 1 | 3 | 4 | 0 | 0 | 0 | 0 | 1 | 1 | 1 | 0 | 1 | 2 | 3 | 5 | 1 | 0 | 1 | 3 | 0 | 3 | 2 | 1 |
| 8 | 1 | 6 | 3 | 9 | 1 | 0 | 1 | 0 | 0 | 0 | 0 | 0 | 0 | 2 | 0 | 2 | 0 | 2 | 2 | 3 | 1 | 4 | 1 | 2 | 3 | 5 | 1 |
| 9 | 1 | 8 | 2 | 10 | 2 | 1 | 3 | 0 | 0 | 0 | 1 | 0 | 1 | 1 | 0 | 1 | 1 | 1 | 2 | 3 | 0 | 3 | 1 | 0 | 1 | 7 | 2 |
| 10 | 1 | 2 | 5 | 7 | 0 | 4 | 4 | 0 | 0 | 0 | 2 | 0 | 2 | 0 | 0 | 0 | 0 | 0 | 0 | 0 | 1 | 1 | 1 | 0 | 1 | 1 | 5 |
| TOTAL | | 33 | 23 | 56 | 8 | 10 | 18 | 0 | 0 | 0 | 4 | 1 | 5 | 5 | 0 | 5 | 7 | 9 | 16 | 9 | 3 | 12 | 9 | 4 | 13 | 241 | |

## മീഡിയം അടിസ്ഥാനമാക്കിയുള്ള കുട്ടികളുടെ എണ്ണം

| STD | MALAYALAM | | | ENGLISH | | | TAMIL | | | KANNADA | | | TOTAL | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL | BOYS | GIRLS |
| 5 | 1 | 1 | 2 | 2 | 1 | 3 | 0 | 0 | 0 | 0 | 0 | 0 | 3 | 2 |
| 6 | 6 | 1 | 7 | 3 | 3 | 6 | 0 | 0 | 0 | 0 | 0 | 0 | 9 | 4 |
| 7 | 1 | 1 | 1 | 4 | 6 | 10 | 0 | 0 | 0 | 0 | 0 | 0 | 5 | 7 |
| 8 | 4 | 2 | 6 | 2 | 1 | 3 | 0 | 0 | 0 | 0 | 0 | 0 | 6 | 3 |
| 9 | 6 | 1 | 7 | 2 | 1 | 3 | 0 | 0 | 0 | 0 | 0 | 0 | 8 | 2 |
| 10 | 1 | 5 | 6 | 1 | 0 | 1 | 0 | 0 | 0 | 0 | 0 | 0 | 2 | 5 |
| Total | 19 | 11 | 30 | 14 | 12 | 26 | 0 | 0 | 0 | 0 | 0 | 0 | 23 | 23 |

## അക്കാദമികം

### ആമുഖം

നഗരഹൃദയത്തിൽ സ്ഥിതി ചെയ്യുന്ന ഹരിതാഭമായ കാമ്പസ്സോടുകൂടിയ ഈ വിദ്യാലയത്തിൽ അഞ്ചാം ക്ലാസ്സുമുതൽ വോക്കേഷണൽ ഹയർ സെക്കന്ററി വരെ 155-ഓളം കുട്ടികൾ പഠിച്ചു വരുന്നു. ഇതിൽ 24 കുട്ടികൾ ഭിന്നശേഷിക്കാരാണ്. 2008 മുതൽ തുടർച്ചയായി 10 തവണ (മാർച്ച് 2024 വരെ) എസ്.എസ്. എൽ.സി ക്ക് നൂറ് ശതമാനം വിജയം കരസ്ഥമാക്കിയ നഗരത്തിലെ സ്കൂളുകളുടെ കൂട്ടത്തിൽ ഈ പൊതു വിദ്യാലയവും ഉൾപ്പെടുന്നു. വിദ്യാർത്ഥി സൗഹൃദാന്തരീക്ഷത്തിൽ അർപ്പണബോധമുള്ള അദ്ധ്യാപകരുടെ ശിക്ഷണത്തിൽ ഉന്നതവും ഗുണമേന്മയുള്ളതുമായ പഠനസൗകര്യങ്ങളുടെ മികവിൽ വിദ്യാർത്ഥി കൈവരിക്കുന്ന അക്കാദമിക വിജയത്തിലൂടെയാണ് വിദ്യാലയത്തിന്റെ ലക്ഷ്യം പൂർത്തീകരിക്കപ്പെടുന്നത്. പരിമിതമായ പഠനസൗകര്യങ്ങളിൽ, സ്കൂൾ സമയത്തിനുശേഷവും അതിനു മുമ്പും മറ്റു സമയങ്ങളിലും കുട്ടികൾക്ക് പ്രത്യേക ക്ലാസ്സുകളും മറ്റു പരിശീലനങ്ങളും നൽകി മികവ് നിലനിർത്തുന്നു.

### പ്രതിസന്ധികളും പരിമിതികളും

1960 കളിൽ 5-10 വരെയുള്ള ക്ലാസ്സുകളിൽ ആകെ നാൽപതോളം ഡിവിഷനുകളിലായി രണ്ടായിരത്തിലധികം കുട്ടികൾ വിദ്യാഭ്യാസം ചെയ്തിരുന്ന ഈ സ്കൂളിൽ കുട്ടികളുടെ കുറവ് ഒരു പ്രതിസന്ധിയായി തുടരുന്നു. ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ കൂണുപോലെ ചുറ്റിലും മുളച്ചുവന്നതും ഇടത്തരക്കാരായ രക്ഷിതാക്കൾ തങ്ങളുടെ കുട്ടികളെ ആ സ്കൂളുകളിൽ ചേർക്കുന്നതിനായി തൽപരരായതും പ്രതിസന്ധിക്കു കാരണമായി.

സാമൂഹ്യ ശാസ്ത്രം, അടിസ്ഥാനഗണിതം മുതലായ ലാബുകൾ സജ്ജീകരിക്കാൻ പ്രത്യേകം മുറികൾ ഇല്ല. സാമ്പത്തികമായും, സാമൂഹികമായും പിന്നാക്കം നിൽക്കുന്നവരുമായിട്ടുള്ള കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. സ്കൂൾ സമയത്തിനുശേഷം അക്കാദമിക പിന്തുണ നൽകാനുള്ള വിദ്യാഭ്യാസ അവസ്ഥയും സാഹചര്യവും ബഹുഭൂരിപക്ഷം രക്ഷിതാക്കൾക്കും ഇല്ല. ആയതിനാൽ വീട്ടിൽ നിന്നും ലഭിക്കണമെന്ന് പ്രതീക്ഷിക്കുന്ന കാര്യങ്ങൾ കൂടി വിദ്യാലയത്തിൽ നിന്നും ലഭിക്കേണ്ടതുണ്ട്. കുട്ടികളെ കായികമായി പരിശീലിപ്പിക്കുന്നതിന് നല്ലൊരു സ്കൂൾ ഗ്രൗണ്ട് ഇല്ല. കലാകായിക പ്രവൃത്തി പരിചയ പഠനത്തിന് പരിശീലനം ലഭിച്ച അദ്ധ്യാപകരുടെ സേവനം ലഭിക്കാത്തത് ഒരു പോരായ്മയാണ്. ജൈവ വൈവിധ്യോദ്യാനം, കൃഷിത്തോട്ടം എന്നിവ വികസിപ്പിക്കേണ്ടതുണ്ട്. എല്ലാകുട്ടികളെയും ഉൾക്കൊള്ളാൻ മതിയായ വായനാമുറിയോടുകൂടിയ ലൈബ്രറി, അസംബ്ലിഹാൾ, മാലിന്യസംസ്കരണ യൂണിറ്റ് ഇവയുടെ അപര്യാപ്തതയ്ക്കും പരിഹാരം കാണേണ്ടതുണ്ട്.

# വിദ്യാലയത്തിലെ അക്കാദമിക പൊതുസ്ഥിതി

## സ്കൂൾ വിഭാഗം

| പേര് | വിദ്യഭ്യാസയോഗ്യത | പഠിപ്പിക്കുന്ന വിഷയം |
| --- | --- | --- |
| ഗിരിജാ കുമാരി വി | MA BEd, | പ്രധമധ്യാപിക |
| ത്യാഗരാജൻ വി | MSc, MA, BEd | ഫിസിക്സ്, എച്ച് എസ് റ്റി |
| കവിത എ ആർ | MA, BEd | മലയാളം എച്ച് എസ് റ്റി |
| ജാസ്മിൻ എസ് | MA, LTTC, DNFE | ഹിന്ദി എച്ച്, എസ്, റ്റി |
| ലാലി. എൽ | MA, BEd | സോഷ്യൽസയൻസ്, എച്ച് എസ് റ്റി |
| ലിൻഷാദാസ് | MSc, MPhil, BEd | |
| ശോഭ. വി | BEd, MSW, TTC | |
| സീന ജി ആർ | MSc, BEd, SET | യു പി എസ് റ്റി |
| ഗീതു എൻ വി | BSc, BEd | യു പി എസ് റ്റി |
| ഫ്ളോറസൈമൺ | MSW | സ്കൂൾ കൗൺസിലർ |
| ധന്യ ഐ.ഡി | MSc, M Ed, | സ്പെഷ്യൽ എഡ്യുക്കേറ്റർ |
| ഹരികുമാർ ജെ | BSc | ക്ലാർക്ക് |
| ഷീജ റ്റി ആർ | BA | ഓഫീസ് അറ്റന്റന്റ് |
| നിസാർ എം | THSLC, Diploma in Civil Engineering | ഓഫീസ് അറ്റന്റന്റ് |
| അനു.എസ് | S S L C | എഫ് ടി എം |

| സ്കൂളിലെ കുട്ടികളുടെ എണ്ണം 2024-24 | | | | |
|---|---|---|---|---|
| ക്ലാസ് | ഡിവിഷൻ | കുട്ടികളുടെ എണ്ണം | | ആകെ |
| | | ആൺ | പെൺ | |
| V | A | 9 | 5 | 14 |
| VI | A | 5 | 7 | 12 |
| VII | A | 5 | 4 | 9 |
| VIII | A | 9 | 2 | 11 |
| IX | A | 2 | 7 | 9 |
| X | A | 0 | 5 | 5 |

| മുൻവർഷത്തെ സ്കൂൾ പരീക്ഷാഫലം | | | | | | |
|---|---|---|---|---|---|---|
| ക്ലാസ് | കുട്ടികളുടെ എണ്ണം | | | | | |
| | | A | B | C | D | E |
| V | 14 | 7 | 4 | 3 | | |
| VI | 12 | 6 | 3 | 3 | | |
| VII | 9 | 3 | 4 | 2 | | |
| VIII | 11 | 5 | 3 | 3 | | |
| IX | 9 | 3 | 2 | 2 | | |
| X | 5 | 2 | 1 | 2 | | |

മറ്റു മികവുകൾ

പൊതു വിദ്യാലയത്തെ സ്നേഹിക്കുന്ന ഒരു സംഘം- പ്രഥമാധ്യാപകൻ, അദ്ധ്യാപകർ അനദ്ധ്യാപകർ, രക്ഷിതാക്കൾ തുടങ്ങിയവരുടെ കൂട്ടായ പ്രവർത്തനം ഈ സ്കൂളിനെ നല്ലരീതിയിൽ മുന്നോട്ടു നയിക്കുന്നു. പൊതു വിദ്യാലയത്തിന്റെ മെച്ചപ്പെടലിനായി ആത്മാർത്ഥമായി പ്രവർത്തിക്കുന്ന അദ്ധ്യാപകരും മറ്റുള്ളവരും ഉയർന്ന വിദ്യാഭ്യാസയോഗ്യത ഉള്ളവരാണ് എന്നുള്ളത് വിദ്യാലയത്തിന്റെ നേട്ടമാണ്. കലോത്സവം, ശാസ്ത്ര -ഗണിത ശാസ്ത്ര സാമൂഹ്യശാസ്ത്ര ഐ റ്റി മേളകൾ, ക്വിസ് മത്സരങ്ങൾ, ടാലന്റ് ടെസ്റ്റുകൾ തുടങ്ങിയ മത്സരങ്ങളിലെല്ലാം കുട്ടികളുടെ സാന്നിധ്യം ഉറപ്പാക്കുന്നു. ഉപജില്ലാ മത്സരങ്ങളിൽ മികച്ച ഗ്രേഡുകൾ കുട്ടികൾ കരസ്ഥമാക്കി.

ഔഷധ സസ്യവിതരണം, ഔഷധതോട്ട നിർമ്മാണം ഇവ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് നടത്താറുണ്ട്. സ്കൂൾ കൗൺസിലറിന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് കൗൺസിലിംഗ് നടത്തി വരുന്നു.

സമീപവാസിയായ ശ്രീ അനിൽബാബുവും കുടുംബവും ഈ വിദ്യാലയത്തിലെ വിവിധ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുകയും സാമ്പത്തികമുൾപ്പെടെയുള്ള സഹായങ്ങൾ നൽകുകയും ചെയ്തു വരുന്നു.

ആഴ്ചയിൽ 5 ദിവസവും വൈകുന്നേരം 3.30 -4.30 വരെ ഇൻസൈറ്റ് എന്ന എജൻസിയുടെ സഹായത്തോടെ സ്പീക്ക് ഇംഗ്ലീഷ് ഫ്ളൂവന്റ്ലി സ്കൂളിലെ ഹിന്ദി ടീച്ചറിന്റെ നേതൃത്വത്തിൽ ആഴ്ചയിൽ 3 ദിവസം സ്പീക്ക് ഹിന്ദി ഫ്ളൂവന്റ്ലി കൂടാതെ എല്ലാവർഷവും എസ് എസ് കെ യുടെ സഹായത്തോടെ കരാട്ടെ, യോഗ എന്നീ ക്ലാസ്സുകളും നടത്തി വരുന്നു. വ്യക്തിത്വ വികസന ക്ലാസ്സുകൾ, കരിയർ ഗൈഡൻസ്, സ്വയം സുരക്ഷാ ബോധവത്കരണം, ക്യാമ്പസ് കൃഷി തുടങ്ങി പല പ്രവർത്തനങ്ങളും അനുബന്ധമായി നടത്തുന്നുണ്ട്. മെച്ചപ്പെട്ട മാനസികാരോഗ്യം കുട്ടികളിൽ വളർത്തുന്നതിനായി ആഴ്ചയിൽ രണ്ട് ദിവസം കൗൺസിലിംഗ് ടീച്ചറിന്റെ സാന്നിദ്ധ്യം ഉറപ്പാക്കുന്നു. ആരോഗ്യകരമായ ഭക്ഷണം ശുചിത്വത്തോടെ പാകം ചെയ്ത്, അദ്ധ്യാപകർ വിളമ്പി നൽകുന്നു. ശരാശരിയും അതിൽ താഴെയും സാമ്പത്തിക നിലവാരമുള്ള കുടുംബങ്ങളിൽ നിന്നും വരുന്നവരാണ് ഭൂരിപക്ഷം കുട്ടികൾ എങ്കിലും കിട്ടുന്ന സാധ്യതകൾ പ്രയോജനപ്പെടുത്തി പി.റ്റി.എ യും, എം പി റ്റി എ യും പ്രവർത്തിക്കുന്നു.

## അക്കാദമിക മാസ്റ്റർ പ്ലാൻ

## പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാകുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട ശേഷികൾ കൈവരിച്ചു എന്നു ഉറപ്പു വരുത്തും.
- ഓരോ ഘട്ടം പൂർത്തിയാകുമ്പോഴും (യു പി, എച്ച് എസ് ) കുട്ടി നേടേണ്ട അറിവുകളും കഴിവും മുൻകൂട്ടി തയ്യാറാക്കി രക്ഷകർത്താക്കളെയും സമൂഹത്തെയും അറിയിക്കും.
- കുട്ടികളുടെ സർഗപരവും അക്കാദമികവും കായികവുമായ കഴിവുകൾ പരമാവധി പ്രോത്സാഹിപ്പിച്ച് അവ ഉയർന്ന തലത്തിലേയ്ക്ക് എത്തിക്കാനുള്ള അവസരമൊരുക്കും.
- മികച്ച ശാരീരിക മാനസിക വൈകാരിക ആരോഗ്യം ഉറപ്പാക്കും
- എല്ലാകുട്ടികൾക്കും മാതൃഭാഷയ്ക്കൊപ്പം ഇംഗ്ലീഷ്, ഹിന്ദി, ഭാഷകൾ കൂടി വായിക്കാനും എഴുതാനും സംസാരിക്കുവാനുമുള്ള കഴിവ് ഉറപ്പാക്കും.
- പാരിസ്ഥിതിക അവബോധം, സാമൂഹ്യ അവബോധം, മാലിന്യനിർമ്മാർജ്ജന ബോധം, വിമർശാനാത്മകബോധം എന്നിവ ഉളവാകാൻ ആവശ്യമായ പഠനാനുഭവങ്ങൾ പ്രദാനം ചെയ്യും.

- മതനിരപേക്ഷ ജനാധിപത്യ സംസ്കാരം വികസിക്കാനാവശ്യമായ മൂല്യബോധം നൽകും.
- വൈവിധ്യമായ ക്ലബ്ബ് പ്രവർത്തനങ്ങളിൽ എല്ലാകുട്ടികളുടെയും സജീവ സാന്നിദ്ധ്യം ഉറപ്പാക്കും.
- കലാകായിക മേളകൾ കൃത്യമായി നടത്തുകയും അതിൽ പങ്കെടുക്കുന്നതിനാവശ്യമായ പരിശീലനങ്ങൾ യഥാസമയം നൽകിവരികയും ചെയ്യുന്നു.
- സ്കൂൾ അച്ചടക്കം പരിപാലിക്കുന്നതിന് സ്കൂൾ അച്ചടക്ക കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.
- ദിനാചരണ പ്രവർത്തനങ്ങൾ വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ യഥാസമയം കൃത്യമായും നടത്തി വരുന്നു.
- SSK യുടെ Helping Hand പദ്ധതിയുടെ ഭാഗമായി കുട്ടികളുടെ പഠനമികവ് മെച്ചപ്പെടുത്തിന്നതിന് വിവിധ പ്രോജക്ടുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## അവസ്ഥാ സൂചന

**ഭൗതികം**

ഓഫീസ് മുറിയും 2 സ്റ്റാഫ് റൂം ഒഴികെ പ്രധാന കെട്ടിടത്തിൽ 12 മുറികളും (ലാബുകളും, ക്ലാസ് മുറികളും ഉൾപ്പെടെ) ഓടിട്ട കെട്ടിടത്തിൽ സ്ക്രീൻ വച്ച് തിരിക്കാവുന്ന 5 മുറികളും ഒരു സ്റ്റേജും ഉണ്ട്. ആവശ്യത്തിന് ടോയ്‌ലറ്റുകൾ ഉണ്ട്. കുടിവെള്ളത്തിന് പൈപ്പ് കണക്ഷൻ ഉണ്ട്. ഡൈനിംഗ് ഹാളോടുകൂടിയ നവീകരിച്ച പാചകപ്പുരയും ഉണ്ട്.

**ഭൗതിക- പരിമിതികൾ**

പ്രധാന കെട്ടിടം മെയിന്റനസ് ചെയ്യണം. ഓപ്പൺ ഓഡിറ്റോറിയം, ജൈവ വൈവിധ്യ പാർക്ക്, മാലിന്യ നിർമ്മാർജ്ജന യൂണിറ്റ്, സാമൂഹ്യ-ശാസ്ത്ര- അടിസ്ഥാനഗണിത ലാബുകൾക്ക് പ്രത്യേകം മുറികളും ലൈബ്രറിയോട് ചേർന്ന് വായനാമുറി എന്നിവ സ്കൂളിനാവശ്യമാണ്. സ്റ്റേജോടുകൂടിയ ഹാൾ നവീകരിക്കേണ്ടതുണ്ട്.

**അക്കാദമികം- പരിമിതികൾ**

ലൈബ്രറി, ലാബുകൾ എന്നിവ കുറെക്കൂടി സൗകര്യപ്രദമായ രീതിയിൽ ക്രമീകരിക്കണം. ക്ലാസ് മുറികളിൽ വൈറ്റ് ബോർഡ് സ്ഥാപിക്കൽ, ക്ലാസ് ലൈബ്രറി പുസ്തകങ്ങളും, കുട്ടികൾ ഉണ്ടാക്കുന്ന പഠന സാമഗ്രികളും സൂക്ഷിക്കാൻ ഓരോ ക്ലാസ്സിലും അലമാര എന്നിവ ആവശ്യമാണ്. ഓരോ ക്ലാസ് മുറികളും സ്മാർട്ട് ക്ലാസ്സ് റൂമുകൾ ആക്കുവാൻ സാമൂഹിക സാമ്പത്തിക പിന്തുണ നേടേണ്ടതുണ്ട്. പി. റ്റി.എ ഫണ്ടിന്റെ കുറവ് മികച്ച പ്രവർത്തനങ്ങൾ നടത്തുവാൻ പര്യാപ്തമാകുന്നില്ല.

**സാമൂഹികം**

സി പി റ്റി എ, പി റ്റി എ എന്നീ യോഗങ്ങൾ യഥാസമയം നടത്തിവരുകയും എം പി റ്റി എ, എസ് എം സി, എസ് എം ഡി സി എന്നിവയുടെ സാന്നിദ്ധ്യം ഉറപ്പാക്കുകയും ചെയ്തുകൊണ്ട് സ്കൂൾ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വ്യക്തികൾ, ലയൺസ് ക്ലബ്, റസിഡൻസ് അസോസിയേഷൻ എന്നിവരുടെ സഹകരണം കുട്ടികൾക്ക് ഗുണകരമാക്കി തീർക്കുന്നു.

**മികവിന്റെ കാഴ്ചപ്പാട്**

- ജീവിത പ്രതിസന്ധികളിൽ തളരാതെ അവയെ അനുകൂലമാക്കിക്കൊണ്ട് ജീവിത വിജയം നേടുന്ന, ജനാധിപത്യബോധവും സഹജീവിസ്നേഹവുമുള്ള പരിസ്ഥിതി പരിപാലനത്തിൽ തൽപരനായ രാജ്യസ്നേഹമുള്ള മികച്ച ഒരു പൗരനെ സൃഷ്ടിക്കുന്ന വിശുദ്ധിയുടെ കേന്ദ്രമാകണം വിദ്യാലയം.
- പാഠ- പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കൽ.
- മികച്ച ശാരീരിക മാനസിക വൈകാരിക ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുന്നതിൽ മുഖ്യപങ്കു വഹിക്കുന്ന ഒരു സ്ഥാപനമാകണം വിദ്യാലയം. അതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കൽ
- ലോകത്ത് എവിടെയുമുള്ള സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.
- പ്രകൃതി വിഭവങ്ങൾ വരും തലമുറയ്ക്കും കൂടി അവകാശപ്പെട്ടതാണെന്നും അത് കാത്ത് സൂക്ഷിക്കേണ്ടത് തങ്ങളുടെയും കൂടി കടമയാണെന്നും തിരിച്ചറിഞ്ഞ് പരിസ്ഥിതിയെ കാത്തു സൂക്ഷിക്കുവാനും പരിസ്ഥിതിക്ക് കോട്ടം വരാത്ത വികസന കാഴ്ചപ്പാട് രൂപപ്പെടുത്താനും കുട്ടിയെ പ്രാപ്തമാക്കൽ.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
| --- | --- | --- |
| ഭാഷാശേഷി വികസനം<br>ഗണിത ശേഷി വികസനം<br>ഇംഗ്ലീഷ് പഠനപോഷണം<br>ശാസ്ത്ര പോഷണ പരിപാടി<br>വായനാപോഷണം<br>ലൈബ്രറി ശാക്തീകരണം<br>ലബോറട്ടറി ക്രമീകരണം<br>ജൈവവൈവിധ്യപാർക്ക്<br>സാഹിത്യപോഷണപരിപാടി<br>പഠനയാത്രകൾ<br>സെമിനാറുകൾ<br>കലാ-കായികമേള<br>ഐ ടി പരിശീലനം<br>അധ്യാപക ശാക്തീകരണം<br>ക്ലാസ് പി ടി എ സജീവമാക്കൽ<br>പ്രവൃത്തി പരിചയപഠനം<br>എസ് ആർ ജി ശാക്തീകരണം<br>പച്ചക്കറിത്തോട്ടം<br>രചനാശില്പശാല<br>അഭിമുഖങ്ങൾ<br>നാടക പരിശീലനം<br>മെഡിക്കൽ ക്യാമ്പ്<br>പോഷകാഹാര പരിപാടി<br>ഗണിതലാബ്<br>ഗണിതാന്തരീക്ഷമൊരുക്കൽ<br>ടേം മൂല്യനിർണ്ണയം<br>നിരന്തര വിലയിരുത്തൽ<br>ദിനാചരണം<br>കായികപഠനം<br>കൗൺസിലിംഗ്<br>സ്ത്രീശാക്തീകരണം<br>ലിംഗസമത്വം<br>ലഹരിമുക്ത വിദ്യാലയം<br>ICT & AI അധിഷ്ഠിത പഠനം | * ക്ലാസ് മുറികൾ<br>* വായനമുറി<br>* സ്മാർട്ട് ക്ലാസ് റൂം<br>* ലൈബ്രറി<br>* മാലിന്യ സംസ്കരണം<br>* ജന്മദിനത്തിനൊരു പുസ്തകം<br>* ശാസ്ത്ര ലാബ്<br>* ICT & AI ലാബ് | * പി.റ്റി.എ. ശക്തിപ്പെടുത്തൽ<br>* എസ് എം സി, എസ്.എം.ഡി.സി, എം പി റ്റി എ. വിദ്യാലയവികസന സമിതി എന്നിവ ശക്തമാക്കൽ<br>* പൂർവ്വവിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം, എസ്.എസ്.ജി, എൽ.എസ്.ജി ബന്ധം ഉറപ്പാക്കൽ<br>* ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വാധ്യാപകർ, സ്ഥാപനങ്ങൾ, വ്യാവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ<br>* ക്ലാസ് പി ടി എ മാതൃകാപരമാക്കുന്നതിനുള്ള നടപടി കൾ<br>* ഭവനസന്ദർശനം |

# മലയാളം

## ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നുവെന്നും എഴുതുന്നുവെന്നും ഉറപ്പാക്കുക.
2. ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള അവസരം സൃഷ്ടിക്കുക
3 സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
4. ഭിന്നശേഷിക്കാരായ കുട്ടികളെ നേർധാരയിലെത്തിക്കുക.

## പ്രവർത്തനങ്ങൾ

1. പുസ്തകങ്ങളിലൂടെ വിശാലലോകത്തേക്ക്
2. ക്ലാസ്സു മുറി ഒരു വായനാമുറി
3. സംവാദത്തിന്റെ ചവിട്ടുപടിയിലൂടെ നവീന ആശയങ്ങളിലേക്ക്
4. ഞങ്ങളും പ്രാസംഗികരാണ്
5. വിരിയുന്ന മൊട്ടുകൾ.

## യു. പി. മലയാളം

### മേഖല- അക്കാദമികം ഉപമേഖല- മലയാളം ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം<br><br>ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | <u>എന്റെ യാത്രകൾ</u><br>പഠിതാക്കൾ അവരുടെ യാത്രാനുഭവങ്ങൾ, അവധിക്കാല അനുഭവങ്ങൾ എന്നിവ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത യാത്രാനുഭവം അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു.<br><br><u>ഭാഷാകേളി</u><br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷര ശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു.<br>കടങ്കഥകൾ പഴഞ്ചൊല്ലുകൾ ഇവയുടെ ശേഖരണം അവതരണം | ജൂൺ, ജൂലൈ<br><br>ജൂൺ, ജൂലൈ | മലയാളം അധ്യാപകർ | ധന സമാഹരണം |
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പു വരുത്തുക | <u>വാർത്താലോകത്തേക്ക്</u><br>പത്രം ആഴ്ച പ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കാനും പ്രതി കരണശേഷി വളർത്താനും ഉച്ചാരണശുദ്ധി വളർത്താനും സഹായിക്കുന്നു. | എല്ലാദിവസവും | മലയാളം അധ്യാപൻ | |
| പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | <u>രംഗാവിഷ്കാരം</u><br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>വിദഗ്ദ്ധരായ നാടക കലാകാരന്മാരെയും മറ്റു കലാകരൻമാരെയും പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക വർഷം | സ്കൂൾ പി റ്റി എ അധ്യാപകർ | |
| പഠിതാക്കളുടെ കലാവാസനകളുടെ അവതരണ മികവ് | <u>GVHSS F M Radio</u><br>വിശേഷദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായും അധ്യാപകരുമായും അഭിമുഖം നടത്തുന്നു.<br>വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളുകളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ചയിൽ ഒന്ന് | വിദ്യാർത്ഥികൾ, സ്കൂൾ ലീഡർ, ക്ലാസ് ലീഡർമാർ, മലയാളം അധ്യാപകർ | പി റ്റി എ |

മേഖല - അക്കാദമികം, ഉപമേഖല - മലയാളം

| ക്രമ | പ്രവർത്തന | പ്രവർത്തനം | പ്രവർത്തനത്തിന്റെ | ചുമതല | കാലം | സാമ്പത്തിക |
|---|---|---|---|---|---|---|
| 1 | | സ്കൂൾ പ്രവർത്തനങ്ങളിൽ പങ്കാളിയാകാൻ താല്പര്യമുണ്ടാകുന്നു<br>ഭാഷാപ്രയോഗശേഷി | സ്കൂളിൽ ഓരോ ദിവസവും നടന്ന പ്രവർത്തനങ്ങളെ ചെറിയ വാർത്താശകലങ്ങളാക്കി കൊണ്ടുവരികയും ഈ വാർത്താശകലങ്ങൾ കുട്ടികൾ അവരുടെ പേരും ക്ലാസും വച്ച് സ്കൂൾ വാർത്താ ബോർഡിൽ പതിക്കുകയും ചെയ്യുന്നു. സ്കൂളിലെ ഏതു കുട്ടിക്കും ഈ പ്രവർത്തനത്തിൽ പങ്കാളിയാകാം. മികച്ച എഴുത്തിന് സമ്മാനം | എല്ലാ അധ്യാ | ഒരുവർഷം | |
| 2 | ലോകത്തെയറിയാം | വായന പ്രോത്സാഹിപ്പിക്കപ്പെടുന്നു. പൊതുവിജ്ഞാനം | വായനമൂല ഉപയോഗപ്പെടുത്തുന്നു ദിവസവും വരുന്ന പത്രങ്ങൾ വായിച്ച് ചോദ്യങ്ങൾ തയ്യാറാക്കി ഉത്തരം കണ്ടെത്താൻ പറയുന്നു. ഉച്ചഭക്ഷണത്തിനുശേഷമുള്ള ഒഴിവു സമയം ഇതിനു<br>ആഴ്ചയിലൊരിക്കലുള്ള അസംബ്ലിയിൽ കുട്ടികൾ തയ്യാറാക്കി വച്ചിരുന്ന ചോദ്യങ്ങൾ ചോദിക്കുന്നു. ഉത്തരം പറയുന്ന കുട്ടികൾക്ക് സമ്മാനം | ക്ലാസ് | അക്കാദമിക വർഷം | |
| 3 | പുസ്തകക്കുറിപ്പുകൾ | പുതിയ പുസ്തകങ്ങൾ വായിക്കാനുള്ള പ്രേരണയുണ്ടാകുന്നു.വായിച്ച പുസ്തകങ്ങളിലെ ആശയങ്ങൾ സംക്ഷിപ്തമായി അവതരിപ്പിക്കാനുള്ള | കുട്ടികൾ സ്കൂൾ ലൈബ്രറിയിൽ നിന്നും ഇഷ്ടപ്പെട്ട പുസ്തകം തെരഞ്ഞെടുക്കുന്നു. നിശ്ചിത കാലയളവിനുള്ളിൽ വായിച്ച് വായനാകുറിപ്പുകൾ തയ്യാറാക്കി വരുന്നു.<br>ക്ലാസിൽഅവതരിപ്പിക്കുന്നു. കുറവുകൾ ക്ലാസ് തലത്തിൽ പരിഹരിക്കുന്നു.<br>ഹൈസ്കൂൾതലത്തിലെ ക്ലാസുകളിൽ നിന്നും തെരഞ്ഞെടുത്ത വായനക്കുറിപ്പുകൾ ചേർന്ന് പതിപ്പാ | മലയാളം | ഒരു മാസം | |

പ്രവർത്തനം 1

**പുസ്തകങ്ങളിലൂടെ വിശാല ലോകത്തേക്ക്**

മേഖല- അക്കാദമികം ഉപമേഖല മലയാളം ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ലക്ഷ്യം | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളെ വായനയിലേക്ക് നയിക്കുന്നു | പുസ്തകങ്ങൾ തരം തിരിക്കുന്നു.എഴുത്തുകാരുടെ അക്ഷരമാലാക്രമമനുസരിച്ച് പുസ്തകങ്ങൾ തരം തിരിച്ച് ക്രമപ്പെടുത്തുന്നു. പുസ്തക വിതരണത്തിനും ലൈബ്രറിയിൽ ഇരുന്നു വായിക്കാനുമുള്ള സംവിധാനം ഒരുക്കുന്നു. | 2 മാസം ഹ്രസ്വകാലം | എച്ച് എം ലൈബ്രേറിയൻ | പി റ്റി എ |

പ്രവർത്തനം 2

**ക്ലാസ്സ് മുറി ഒരു വായനാമുറി**

മേഖല- അക്കാദമികം ഉപമേഖല മലയാളം ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ലക്ഷ്യം | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളെ വായനയിലേക്ക് നയിക്കുന്നു. | 1. കുട്ടികളിൽ നിന്നുള്ള പുസ്തക ശേഖരണം<br>2. പിറന്നാൾ തുടങ്ങിയ വിശേഷദിനങ്ങളിൽ ക്ലാസ്സ് ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ നൽകുന്നു.<br>3. ക്ലാസ് ലൈബ്രേറിയനെ തിരഞ്ഞെടുക്കുന്നു.<br>4. ക്ലാസ് ലൈബ്രറി രജിസ്റ്റർ തയ്യാറാക്കുന്നു<br>◆ ആഴ്ചാവസാനം കുട്ടികൾ പുസ്തകങ്ങൾ കൈമാറുന്നു. | 2 മാസം<br>ഹ്രസ്വകാലം | ക്ലാസ് ടീച്ചർ | പി റ്റി എ |

പ്രവർത്തനം 3

**സംവാദത്തിന്റെ ചവിട്ടുപടിയിലൂടെ നവീന ആശയങ്ങളിലേയ്ക്ക്**

മേഖല- അക്കാദമികം ഉപമേഖല മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ലക്ഷ്യം | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമുക്ക് ചുറ്റും നടക്കുന്ന പ്രശ്നങ്ങളെ കുറിച്ച് കുട്ടികളിൽ അവബോധം ഉണ്ടാക്കാൻ സഹായിക്കുന്നു | ◆ വിഷയം സമയം എന്നിവ തെരഞ്ഞെടുക്കുന്നു.<br>◆ വേണ്ടത്ര സമയം നൽകുന്നു<br>◆ വിഷയവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ചൂണ്ടികാട്ടുകയോ നൽകുകയോ ചെയ്യുന്നു.<br>◆ സംവാദം നടത്തുന്നു<br>◆ കുറിപ്പ് തയ്യാറാക്കുന്നു | 1 മാസം<br>ഹ്രസ്വകാലം | മലയാളം അദ്ധ്യാപിക | പി റ്റി എ |

| പ്രവർത്തനം 4<br>[illegible] | | | | |
|---|---|---|---|---|
| മേഖല- അക്കാദമികം | ഉപമേഖല മലയാളം | | | |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| എല്ലാ സന്ദർഭങ്ങളിലും എല്ലാ വിഷയങ്ങളെക്കുറിച്ചും ഒരു വേദിയിൽ പ്രസംഗിക്കാനുള്ള കഴിവ് വർധിക്കുന്നു. | • [illegible]<br>• [illegible] | [illegible] | മലയാളം അധ്യാപിക | പി ടി എ |

| പ്രവർത്തനം 5<br>വിരിയുന്ന മൊട്ടുകൾ<br>മേഖല- അക്കാദമികം ഉപമേഖല മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| പിന്നോക്കക്കാരായ വിദ്യാർത്ഥികൾക്ക് ഭാഷാപ്രകടനത്തിനുള്ള കഴിവ് വർദ്ധിപ്പിക്കുന്നു. | പിന്നോക്കക്കാരായ കുട്ടികളെ കുട്ടിക്കവിതകളും കുട്ടിക്കഥകളും കേൾപ്പിക്കുന്നു. താല്പര്യം ജനിപ്പിക്കുന്ന ചിത്രങ്ങൾ കാണിക്കുന്നു. അവയെ ആധാരമാക്കി സ്വന്തമായി കവിതകളും കഥകളും രചിക്കാൻ പ്രേരിപ്പിക്കുന്നു. | വർഷം മുഴുവനും [illegible] | മലയാളം അധ്യാപിക | പി ടി എ |

പ്രവർത്തനം 4
ഞങ്ങളും പ്രാസംഗികരാണ്

മേഖല- അക്കാദമികം ഉപമേഖല മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ലക്ഷ്യം | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഏതു സന്ദർഭത്തിലും ഏതു വിഷയത്തെക്കുറിച്ചും ഒരു പൊതുവേദിയിൽ പ്രസംഗിക്കാനുള്ള കഴിവ് ലഭിക്കുന്നു. | • ആദ്യഘട്ടത്തിൽ തയ്യാറെടുപ്പിനായി വിഷയം ഒരാഴ്ചയ്ക്കു മുമ്പേ കൊടുക്കുന്നു. സഹായ ഗ്രന്ഥങ്ങൾ നൽകുന്നു.<br>• ഒന്നിലധികം അവതരണങ്ങൾക്കുശേഷം കുട്ടികൾക്ക് സഭാകമ്പം മാറിയെന്നുറപ്പായതിനു ശേഷം തത്സമയത്ത് വിഷയം നൽകുന്നു. | ഹ്രസ്വകാലം ദീർഘകാലം | മലയാളം അധ്യാപിക | പി ടി എ |

പ്രവർത്തനം 5
വിരിയുന്ന മൊട്ടുകൾ
മേഖല- അക്കാദമികം ഉപമേഖല മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ലക്ഷ്യം | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഭാഷാപ്രകടനത്തിനുള്ള കഴിവ് വർദ്ധിപ്പിക്കുന്നു. | ഭിന്നശേഷിക്കാരായ കുട്ടികളെ കുട്ടിക്കവിതകളും കുട്ടിക്കഥകളും കേൾപ്പിക്കുന്നു. താല്പര്യം ജനിപ്പിക്കുന്ന ചിത്രങ്ങൾ കാണിക്കുന്നു. അവയെ ആധാരമാക്കി സ്വന്തമായി കവിതകളും കഥകളും രചിക്കാൻ പ്രേരിപ്പിക്കുന്നു. | വർഷം മുഴുവനും ദീർഘകാലം | മലയാളം അധ്യാപിക | പി ടി എ |

# ഇംഗ്ലീഷ്

1 കരിക്കുലം ഊന്നൽ നൽകുന്ന എല്ലാ ഭാഷ പഠന ലക്ഷ്യങ്ങളും എല്ലാ കുട്ടികളും ആർജിക്കുക
2. ഒഴുക്കോടെയും ശരിയാ ഉച്ചാരണത്തോടെയും ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ള കഴിവ് വികസിപ്പിക്കുക
3. ഇംഗ്ലീഷ് ഭാഷ. എഴുതാനും വായിക്കാനുമുള്ള പറയാനുള്ള താല്പര്യം വർദ്ധിപ്പിക്കുക
4. ഇംഗ്ലീഷിലുള്ളആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.
5. സാങ്കേതിക സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികാസത്തിന് പ്രയോജനപ്പെടുത്തുക

## പ്രവർത്തനങ്ങൾ

1 ക്ലാസ് ലൈബ്രറി ഒരുക്കൽ
2 ഇംഗ്ലീഷ് ക്ലബ് ആക്ടിവിറ്റീസ്
3. ഇംഗ്ലീഷ് അസംബ്ലി
4. മാഗസിൻ
5. പത്രവായന

| പ്രവർത്തനം 1<br>പേര് ഇംഗ്ലീഷ് ലൈബ്രറി<br>മേഖല- അക്കാദമികം ഉപമേഖല - ഇംഗ്ലീഷ് ഭാഷാ പഠനം | | | | |
|---|---|---|---|---|
| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാനുള്ള കഴിവിലേക്ക് നയിക്കുക | കുട്ടികളിൽ നിന്നും അധ്യാപകരിൽ നിന്നും സമൂഹത്തിൽ നിന്നും പുസ്തകങ്ങൾ ശേഖരിക്കുന്നു.<br>കുട്ടികൾക്ക് പിറന്നാൾ ദിവസം പുസ്തകങ്ങൾ ലൈബ്രറിയിലേക്ക് നൽകാൻ അവസരം നൽകുന്നു. | വർഷം മുഴുവനും | ഇംഗ്ലീഷ് ക്ലബ്ബ് | |

| പ്രവർത്തനം 2<br>പേര് - ഇംഗ്ലീഷ് ക്ലബ്ബ് ആക്ടിവിറ്റീസ് | | | | |
|---|---|---|---|---|
| മേഖല - അക്കാദമികം | ഉപമേഖല ഇംഗ്ലീഷ് ഭാഷാ പഠനം | | | |
| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ഇംഗ്ലീഷ് ക്ലബ്ബ് ആക്ടിവിറ്റീസ് ശക്തിപ്പെടുത്തുന്നു | പദ്യം ചൊല്ലൽ, കഥാപാത്രം, ക്വിസ് മത്സരം, പദപ്രശ്നം, ഡ്രാമ, സ്കിറ്റ്, സ്ക്രിപ്റ്റ് തയ്യാറാക്കൽ<br>നോട്ടീസ് തയ്യാറാക്കൽ | വർഷം മുഴുവനും | ഇംഗ്ലീഷ് ക്ലബ്ബ്<br>ഇംഗ്ലീഷ് ടീച്ചർ | പി ടി എ |

പ്രവർത്തനം 3

പേര് - ഇംഗ്ലീഷ് അസംബ്ലി

മേഖല - അക്കാദമികം　　　ഉപമേഖല ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലിയിലൂടെ ആശയ പ്രകടന ശേഷി വർദ്ധിക്കുന്നു. | പ്രയർ, ന്യൂസ്പേപ്പർ റീഡിംഗ് പ്രതിജ്ഞ, ഇന്നത്തെ ചിന്താ വിഷയം വായനക്കുറിപ്പ് അവതരണം | ആഴ്ചയിലൊന്ന് | ഇംഗ്ലീഷ് ക്ലബ്ബ് | പി ടി എ |

പ്രവർത്തനം 4

പേര് - മാഗസിൻ

മേഖല - അക്കാദമികം　　　ഉപമേഖല - ഇംഗ്ലീഷ് രചനാപഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗവാസന വികസിപ്പിക്കൽ | രചനകൾ നടത്തുന്നു, ചിത്രങ്ങൾ വരയ്ക്കുന്നു, കവിത, കഥാരചന, ഗ്രൂപ്പ് സജ്ജീകരണം, എഡിറ്റിംഗ് അവതരണം | 2 മാസം | ഇംഗ്ലീഷ് ക്ലബ്ബ് | പി ടി എ |

പ്രവർത്തനം 5

പേര് - പത്രവായന

മേഖല - അക്കാദമികം　　　ഉപമേഖല - ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പത്രവായനയിലൂടെ ഭാഷാപരിജ്ഞാനം നേടുക | പത്ര കോർണർ- ക്ലാസ് മുറിയിൽ, ക്ലാസിൽ പത്രവായന, ക്വിസ് മത്സരങ്ങൾ വികസിപ്പിക്കൽ | ദിവസവും | കുട്ടികൾക്ക് | |

## ഹിന്ദി

ഹിന്ദി, മലയാളം, ഇംഗ്ലീഷ് ഭാഷകൾ ഒഴുക്കോടെ വായിക്കുന്നതിനും സംസാരിക്കുന്നതിനും എഴുതുന്നതിനുമുള്ള കഴിവ് നേടാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ താഴെ പറയുന്ന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

8,9,10 ക്ലാസുകളിലെ കുട്ടികൾക്കും മുഴുവൻ

### ലക്ഷ്യങ്ങൾ

▲ ഹിന്ദി ഭാഷാപഠനത്തിൽ സവിശേഷ വൈഭവങ്ങൾ ഉള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.

▲ കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഹിന്ദിഭാഷാപഠനനേട്ടങ്ങളും എല്ലാകുട്ടികളും ആർജിക്കുക.

▲ ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഹിന്ദി ഭാഷാ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് എല്ലാകുട്ടികളിലും വികസിപ്പിക്കുക

▲ ഹിന്ദി ഭാഷാപഠനത്തിൽ ഐ സി റ്റി യുടെ സാധ്യത പ്രയോജനപ്പെടുത്തൽ

▲ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ നേർധാരയിലെത്തിക്കുക.

▲ 6, 7 ക്ലാസ്സുകളിലെ കുട്ടികൾക്ക് ഹിന്ദി ഭാഷയോടുള്ള താൽപര്യം ഉണ്ടാക്കിയെടുക്കുന്നു.

▲ കവിതകൾ ചൊല്ലാൻ വൈഭവമുള്ള കുട്ടികളെ ഹിന്ദി കവിതകൾ ചൊല്ലാനുള്ള താല്പര്യം ഉണ്ടാക്കിയെടുക്കുക

▲ ലൈബ്രറിയുടെ പ്രവർത്തനങ്ങൾ കുട്ടികൾ മനസ്സിലാക്കിയെടുക്കുക

▲ കുട്ടികളെ വായനയിലേയ്ക്ക് നയിക്കുക

▲ എഴുത്തിലും വായനയിലുമുള്ള പിന്നാക്കവസ്ഥ പരിഹരിക്കുക

▲ കൂടുതൽ അറിയുവാനും ചിന്തിക്കാനുമുള്ള കഴിവ് കുട്ടികളിൽ വളർത്തുന്നു.

▲ വായിച്ചറിയുവാനുള്ള താൽപര്യം കുട്ടികളിൽ വളർത്തുക

▲ രാഷ്ട്രഭാഷയെന്ന നിലയിൽ വായനയിലൂടെ അറിവ് നേടുന്നതിനുള്ള കഴിവ് വർദ്ധിപ്പിക്കുക

### പ്രവർത്തനങ്ങൾ

★ 5 മുതൽ 10 വരെ ക്ലാസ്സുകളിലെ മുഴുവൻ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ട് ആഴ്ചയിൽ രണ്ടുദിവസം സ്പോക്കൺ ഹിന്ദി ക്ലാസ്സ്.

★ 5 മുതൽ 10 വരെ ക്ലാസ്സുകളിലെ മുഴുവൻ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ട് ആഴ്ചയിൽ 1 ദിവസം ഹിന്ദി സാഹിത്യ സദസ്സ് എന്ന പേരിൽ ഹിന്ദി പദ്യം ചൊല്ലൽ, ഹിന്ദി കഥകൾ വായിക്കൽ, ഉള്ളടക്കം എഴുതൽ മുതലായവ നടത്തുന്നു.

★ ഒഴിവു നേരങ്ങളിൽ ഐ സി റ്റി ഉപയോഗിച്ച് ഹിന്ദി നാടകങ്ങൾ, സിനിമകൾ, കാർട്ടൂണുകൾ ഡോക്യുമെന്ററികൾ എന്നിവ കാണിക്കുക.

★ ലൈബ്രറിയിൽ ഇനം തിരിച്ച് പുസ്തകങ്ങൾ വയ്ക്കുക.

★ വായിക്കുന്ന പുസ്തകങ്ങളുടെ പേര് ഉള്ളടക്കം മുതലായവ കുട്ടി സ്വയം എഴുതി സാഹിത്യ സദസ്സിൽ അവതരിപ്പിക്കുക.

### സുരീലീ ഹിന്ദി

- ഹിന്ദി ക്ലബ്ബിന്റെ നേതൃത്വത്തിൽ കൊറിയോഗ്രാഫി സ്ക്രിപ്റ്റ് എന്നിവ സംഘടിപ്പിക്കുക.
- ഹിന്ദി ഭാഷ കേട്ടും കണ്ടും പറഞ്ഞും അഭിനയിച്ചും ഭാഷയോടുള്ള താല്പര്യം വർദ്ധിപ്പിക്കുക.

8,9,10 മുഴുവൻ കുട്ടികൾക്കും നടത്തിയ പ്രീ ടെസ്റ്റിൽ നിന്നും 50 % കുട്ടികൾ വായനയ്ക്ക് പിന്നിലാണ് എന്ന് ബോധ്യപ്പെട്ടു. ആയതിനാൽ വായന മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചു.എസ്എസ് കെ യുടെ ഹെൽപിംഗ് ഹാൻഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാൻ തീരുമാനിച്ചു.

പ്രവർത്തനം 1
പേര് - സ്പോക്കൺ ഹിന്ദി
മേഖല /ഉപമേഖല - ഹിന്ദി ഭാഷാപഠനം (യു.പി)

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഹിന്ദി ഭാഷ സംസാരിക്കുവാനും കേട്ട് മനസ്സിലാക്കുവാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വർദ്ധിപ്പിക്കുന്നു.<br>2. ഹിന്ദിഭാഷാ വ്യവഹാരങ്ങൾ തെറ്റു കൂടാതെ എഴുതുവാനും സംസാരിക്കുവാനുമുള്ള കഴിവ് വർദ്ധിപ്പിക്കുക.<br>3. ഹിന്ദിഭാഷാ പഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുന്നു. | ആഴ്ചയിൽ ഒരുദിവസം 5-10 വരെ ക്ലാസ്സുകളിലെ മുഴുവൻ കുട്ടികളെയും പങ്കെടുപ്പിച്ചു കൊണ്ട് ക്ലാസ് നടത്തുന്നു. | 1 വർഷം | ഹിന്ദി ടീച്ചർ | |

പ്രവർത്തനം 2
പേര് - ഹിന്ദി സാഹിത്യ സദസ്സ്
മേഖല- അക്കാദമികം ഉപമേഖല - ഹിന്ദി ഭാഷാപഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഹിന്ദി ഭാഷാപഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ സഹായിക്കുന്നു.<br>2. ഹിന്ദികവിതകൾ ചൊല്ലാൻ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുന്നു.<br>3. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളിൽ ഹിന്ദി ഭാഷാപഠനത്തിന് താല്പര്യം ഉണ്ടാക്കിയെടുക്കുന്നു.<br>4. 5,6,7 ക്ലാസുകളിലെ കുട്ടികൾക്ക് ഹിന്ദി ഭാഷ എളുപ്പമാക്കാനുള്ള താല്പര്യം ഉണ്ടാക്കിയെടുക്കുന്നു. | 5-10 വരെ ക്ലാസ്സുകളിലെ മുഴുവൻ കുട്ടികളെയും പങ്കെടുപ്പിച്ചു കൊണ്ട് ആഴ്ചയിൽ 1 ദിവസം ഹിന്ദി സാഹിത്യസദസ്സ് നടത്തുന്നു. ഇതിൽ ഹിന്ദി കവിതകൾ ചൊല്ലൽ, സിനിമാ ഗാനങ്ങൾ പാടുക, കഥ പറയുക. മുതലയവ കുട്ടികളെ കൊണ്ട് ചെയ്യിപ്പിക്കുന്നു. | 1 വർഷം | ഹിന്ദി ടീച്ചർ | സ്പോൺസർഷിപ്പ് |

പ്രവർത്തനം 1

പേര് – ഹിന്ദി സാഹിത്യ സദസ്സ്

മേഖല- അക്കാദികം ഉപമേഖല – ഹൈസ്കൂൾ വിഭാഗം

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഹിന്ദി ഐ സി റ്റി യുടെ സാധ്യത പ്രയോജനപ്പെടുത്തുവാനുള്ള കഴിവ് നേടിയെടുക്കുക.<br>2. സി ഡബ്ല്യു എസ് എൻ കുട്ടികളെ നേർധാരയിൽ എത്തിക്കുന്നു.<br>3. ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തെയും ഹിന്ദി ഭാഷ സംസാരിക്കാനും കേട്ട് മനസ്സിലാക്കുവാനുമുള്ള കഴിവ് എല്ലാകുട്ടികളിലും വികസിപ്പിക്കുന്നു.<br>4. രസകരമായ രീതിയിൽ ഹിന്ദിഭാഷ കൈകാര്യം ചെയ്യുന്നതിനും മനസ്സിലാക്കുന്നതിനും ഉള്ള കഴിവ് വർദ്ധിക്കുന്നു. | ഒഴിവുനേരങ്ങളിലും മറ്റും ഹിന്ദി നാടകങ്ങൾ ഡോക്യുമെന്ററികൾ സിനിമകൾ കാർട്ടൂണുകൾ എന്നിവ കാണാനുള്ള അവസരം നൽകുന്നു. | ഹ്രസ്വകാലം | ഹിന്ദി ടീച്ചർ<br>എസ് ഐ റ്റി സി | |

പ്രവർത്തനം 2

പേര് – ലൈബ്രറിയിൽ

മേഖല- അക്കാദികം ഉപമേഖല

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ലൈബ്രറിയുടെ പ്രവർത്തനങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുക.<br>2. കുട്ടികളെ വായനയിലേക്ക് നയിക്കുന്നു.<br>3. എഴുത്തിലും വായനയിലുമുള്ള കുട്ടികളുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നു.<br>4. കുട്ടികളിൽ സാഹിത്യാഭിരുചി വർദ്ധിപ്പിക്കുക. | പദ്യ ഗദ്യഭാഷ പുസ്തകങ്ങളെ ഇനം തിരിച്ച് വയ്ക്കുന്നു.<br>പുസ്തക വിതരണം വായന തുടങ്ങിയ വയുടെ സംവിധാനം ഒരുക്കുന്നു. | 1 വർഷം | ലൈബ്രേറിയൻ<br>ഹിന്ദി ടീച്ചർ<br>എസ് ഐ റ്റി സി | പി റ്റി എ |

പ്രവർത്തനം 3

ക്ലാസ്സിലെ വായനശാല

മേഖല- അക്കാദികം ഉപമേഖല- ഹിന്ദി

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. വായനയിലൂടെ കുട്ടികളിലെ അറിവ് നേടാനുള്ള കഴിവും കുട്ടികളുടെ പഠനനിലവാരവും മെച്ചപ്പെടുത്തിയെടുക്കുക<br>2. വായിച്ചറിയാനുള്ള കുട്ടിയുടെ മനസ്സിനെ വളർത്തുക<br>3. രാഷ്ട്രഭാഷയെന്ന നിലയിൽ വായനയിലൂടെ അറിവു നേടുന്നതിനുള്ള കഴിവ് ഹിന്ദി ഭാഷയിൽ നേടിയെടുക്കുക. | ക്ലാസ്സിലെ ഓരോ കുട്ടിക്കും സ്വന്തമായി പുസ്തകം തെരഞ്ഞെടുക്കാൻ അവസരമൊരുക്കുന്നു.<br>വായിക്കുന്ന പുസ്തകങ്ങളുടെ പേര്, ഉള്ളടക്കം മുതലായവ കുട്ടി സ്വയം എഴുതി ക്ലാസ്സിൽ അവതരിപ്പിക്കുന്നു<br>എല്ലാവെള്ളിയാഴ്ചകളിലും സർഗ്ഗവേളകളിലും സാഹിത്യസദസ്സിലും കുട്ടികൾ കഥകൾ, കവിതകൾ, സമ്മറി മുതലായവ തയ്യാറാക്കി അവതരിപ്പിക്കുന്നു. | 1 വർഷം | ഹിന്ദി ടീച്ചർ<br>ലൈബ്രേറിയൻ | സ്പോൺസർഷിപ്പ് |

# ശാസ്ത്രം (യു പി വിഭാഗം)

**ലക്ഷ്യങ്ങൾ**

1. പാഠ്യപദ്ധതിയിൽ ഉന്നയിച്ചിട്ടുള്ള ലക്ഷ്യങ്ങൾ അടിസ്ഥാനപ്പെടുത്തി പഠന പ്രവർത്തനങ്ങളും പരീക്ഷണങ്ങളും പരിചയപ്പെടുത്തുക
2. മികച്ച ശീലങ്ങൾ, വിഭവങ്ങൾ, വെല്ലുവിളികൾ എന്നിവ പങ്കിടുന്നതിനായി ശാസ്ത്രഅദ്ധ്യാപകരുടെ ഒരു ശൃംഖല രൂപീകരിക്കുക
3. അനുയോജ്യമായ വസ്തുക്കളും സുരക്ഷാമാനദണ്ഡങ്ങളും ഉള്ള ശാസ്ത്രപ്രയോഗശാലകൾ ഉറപ്പാക്കുക.
4. ശാസ്ത്ര വിഷയങ്ങൾ കുട്ടികളിൽ എത്തിക്കുന്നതിന് അനുയോജ്യമായ തരത്തിൽ നൂതനസാങ്കേതിക സംവിധാനങ്ങൾ ആവിഷ്ക്കരിക്കുക
5. പ്രായോഗിക അനുഭവങ്ങൾക്കായി ഫീൽഡ് വിസിറ്റ്, ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങൾ, വ്യാവസായിക സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടുത്തുക
6. ശാസ്ത്രസ്ഥാപനങ്ങൾ, ഗവേഷകർ, എൻ ജി ഒ കൾ, ശാസ്ത്രമേളകൾ, വർക്ക്ഷോപ്പുകൾ, ഗസ്റ്റ് ലക്ച്ചറുകൾ എന്നിവ സംഘടിപ്പിക്കുക
7. മ്യൂസിയം, പ്രകൃതിഭൂമികൾ, ശാസ്ത്രഗവേഷണ സ്ഥാപനങ്ങൾ എന്നിവയിലേക്കുള്ള പഠനയാത്ര
8. ശാസ്ത്രവിദ്യാഭ്യാസത്തിലേക്ക് രക്ഷകർത്താക്കളുടെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക

**നിർവ്വഹണ സമിതി**

വിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള പ്രതിനിധികൾ, SCERT, പ്രതിനിധികൾ, ശാസ്ത്രഅദ്ധ്യാപകർ, പാഠ്യവിദഗ്ധർ ശാസ്ത്രസ്ഥാപനങ്ങൾ എന്നിവർ ഉൾപ്പെടുന്ന നിർവ്വഹണ സമിതി രൂപീകരിക്കൽ

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | പരീക്ഷണകളരി<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2. ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | ശാസ്ത്രവിസ്മയ ചുമർ പത്രിക<br>ശാസ്ത്രപാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്രവിസ്മയ ചുമർ പത്രിക ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ ആധുനികശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക. | വിസ്മയ യാത്ര<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ ശാസ്ത്ര സത്യങ്ങൾ, ശാസ്ത്ര കാരന്മാരുടെ ജീവിത ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട് കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

**ലക്ഷ്യങ്ങൾ**

1. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ശാസ്ത്രപഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജിക്കുക
2. ശാസ്ത്രചിന്ത, ശാസ്ത്രബോധം, ശാസ്ത്ര നൈപുണി, അന്വേഷണാത്മകത എന്നിവ വികസിപ്പിക്കുക
3. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ മുഖ്യധാരയിൽ എത്തിക്കുക
4. പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക
5. കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക

6. അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ഇല്ലാതാക്കുക
7. മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുക
8. ക്രിയാത്മക സർഗ്ഗാത്മക ചിന്ത വളർത്തുക
9. ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കാനുള്ള കഴിവ് വളർത്തുക
10. ശാസ്ത്ര പഠനത്തിൽ ഐ സി റ്റി സാധ്യത പ്രയോജനപ്പെടുത്തുക

**പ്രവർത്തനങ്ങൾ**

1. ആഴ്ചയിൽ ഒരു പരീക്ഷണം
2. ക്ലാസ്സ് മുറിയിൽ ഒരു ലാബ്
3. സ്കൂൾ ലാബ് നവീകരണം
4. ഔഷധ സസ്യങ്ങളെ തൊട്ടറിയാം
5. സ്കൂളിലൊരു മത്സ്യക്കുളം
6. മരങ്ങൾക്ക് പേര് നൽകാം
7. സ്കൂൾ ലൈബ്രറിയിൽ ശാസ്ത്ര പുസ്തകങ്ങൾക്ക് പ്രത്യേക സ്ഥാനം
8. കുട്ടി ശാസ്ത്രജ്ഞൻ
9. ക്ലാസ്സ് ലൈബ്രറിയിലേക്കൊരു ശാസ്ത്ര പുസ്തകം

പ്രവർത്തനം 1

**പേര് – ആഴ്ചയിൽ ഒരു പരീക്ഷണം**

**മേഖല, ഉപമേഖല – അക്കാദമികം/ ശാസ്ത്രം**

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
